**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4028** **15-07-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി- മാവേലിക്കര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് പകരമായി നിർദ്ദേശിക്കപ്പെട്ട മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടതും മറ്റു പദ്ധതി പ്രകാരം നിർവ്വഹിക്കപ്പെട്ട മാവേലിക്കര മുനിസിപ്പാലിറ്റി സാം എബ്രഹാം റോഡിന് പകരം ആൽത്തറമൂട് ആതുരാശ്രമം റോഡ് പുനരുദ്ധാരണം വാർഡ് 22 &23 എന്ന പ്രവൃത്തിക്ക് 01/02/2021-ലെ സ.ഉ.(കൈ) നം.22/2021/തസ്വഭവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പകരമായി ആവശ്യപ്പെടുന്ന പ്രവൃത്തി കളുടെ പ്രപ്പോസൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ